ഫെബ്രുവരി 14, 2014

# ആന്ധ്രാപ്രദേശിൽ അനുരഞ്ജനത്തിന്റെ ആവശ്യകത

**അരുൺ ജെയ്റ്റ്ലി,**
പ്രതിപക്ഷ നേതാവ് (രാജ്യസഭ)

യു.പി.എ. സർക്കാരിന്റെ കാലാവധി അവസാനിക്കാറായ ഈ ഘട്ടത്തിൽ അവർക്ക് ഭരണവ്യവസ്ഥയിൽ അല്പം പോലും പിടിപാട് അവശേഷിച്ചിട്ടില്ല എന്നു കാണാം. 'എനിക്കു ശേഷം പ്രളയം എന്ന അവസ്ഥയായിരിക്കും എന്നാണ് അവർ കരുതുന്നത്. അവരുടെ കാലാവധിയിലെ ആദ്യഘട്ടം വിവിധ സ്ഥാപനങ്ങളുടെ അധോഗതിക്കും സാമ്പത്തികവളർച്ചയുടെ പിന്നോട്ടടിക്കും സർക്കാർ തലത്തിലുള്ള തീരുമാനങ്ങൾക്ക് വിശ്വാസ്യത നഷ്ടമാക്കുന്ന വിധത്തിൽ അരങ്ങേറിയ അഴിമതിക്കും മുഖമുദ്രയായി മാറി.

തെലങ്കാന സംസ്ഥാന രൂപീകരണവുമായി ബന്ധപ്പെട്ട തർക്കം പരിഹരിക്കുന്ന വിഷയത്തിൽ യു.പി.എ. സമ്പൂർണ്ണ പരാജയമാണ് ഏറ്റുവാങ്ങിയത്. സ്വന്തം പാർട്ടിയിലെ തന്നെ ചില ശക്തികളെ ഇളക്കിവിട്ട യു.പി.എ.യ്ക്ക് അവരെ നിയന്ത്രിക്കാൻ പറ്റാത്ത അവസ്ഥ വന്നു. പ്രശ്നങ്ങളോ അലോസരമോ ഇല്ലാത്ത ഒരു പാർലമെന്റ് സമ്മേളനം പോലും നടത്താൻ പറ്റാതായി. ഈ അലോസരം പലപ്പോഴും മുഖ്യധാര രാഷ്ട്രീയ പാർട്ടികളിൽ നിന്നല്ല, മറിച്ച് സ്വന്തം ഘടകകക്ഷികളിൽ നിന്നാണ്. നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാനാകാതെ സർക്കാർ, പ്രത്യേകിച്ചും പ്രധാനമന്ത്രിയും ആഭ്യന്തരമന്ത്രാലയവും സ്തംഭിച്ച മട്ടാണ്.

എല്ലാവരെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു സമന്വയം നടപ്പാക്കാനുള്ള സമയം ഇപ്പോഴും അതിക്രമിച്ചിട്ടില്ല. സീമാന്ധ്ര പ്രദേശത്തിനായുള്ള തലസ്ഥാന രൂപീകരണം, സീമാന്ധ്രയ്ക്കായി ഒരു പ്രത്യേക ഹൈക്കോടതി രൂപവൽക്കരിക്കൽ, വിഭജനത്തിന്റെ ഭാഗമായി സീമാന്ധ്രയ്ക്കുണ്ടാകുന്ന റവന്യൂ നഷ്ടം പരിഹരിക്കൽ, ഇരുപ്രദേശങ്ങളിലെയും വൈദ്യുതി-ജലവിതരണം എന്നിവയ്ക്ക് രമ്യമായ പരിഹാരം കാണൽ എന്നിവയാണ് അടിയന്തരമായി ചെയ്യേണ്ടത്. ഝാർഖണ്ഡ്, ഉത്തരാഖണ്ഡ്, ഛത്തീസ്ഗഡ്, എന്നീ സംസ്ഥാനങ്ങൾ രൂപീകരിച്ച വേളയിൽ അന്നത്തെ എൻ.ഡി.എ. സർക്കാരിന് ഇത്തരം പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കാൻ കഴിഞ്ഞു. വ്യാഴാഴ്ച പാർലമെന്റിൽ അരങ്ങേറിയ അനിഷ്ടസംഭവങ്ങളും പാർലമെന്ററി നടപടികളുടെ സ്തംഭനവും യു.പി.എ.യുടെ അനുഗ്രഹാശിസ്സോടെയായിരുന്നു. പാർലമെന്ററി നടപടിക്രമങ്ങൾ തടസ്സപ്പെടുത്തുന്നത് ഭൂരിപക്ഷവും യു.പി.എയിൽപ്പെട്ടവരാണ്. തെലങ്കാന, സീമാന്ധ്ര പ്രദേശങ്ങളിലെ ജനപ്രതിനിധികൾക്കിടയിൽ അനുരഞ്ജനം സാദ്ധ്യമാക്കാൻ ഒരു ശ്രമവും നടത്തുന്നില്ല. അതിനുള്ള ഒരു വേദിയും സർക്കാർ ഒരുക്കുന്നില്ല. രണ്ടു പ്രദേശങ്ങളിലെയും ജനങ്ങളുടെ ആശയാഭിലാഷങ്ങൾ ചർച്ചചെയ്യാൻ പാർലമെന്റിന് കഴിയുന്നില്ല. ഫലമോ, ഇന്ത്യൻ ജനാധിപത്യം തുടർച്ചയായി ദുഷ്പേര് കേൾക്കാനിടയാകുന്നു. പാർലമെന്റിലെ അനാരോഗ്യകരമായ സംഭവവികാസങ്ങളുടെ അടിസ്ഥാനത്തിൽ ഇത്തരം വകയ്ക്കുകൊള്ളാത്ത രാഷ്ട്രീയക്കാരെക്കുറിച്ചുള്ള അഭിപ്രായമാണ് പൊതുജനങ്ങൾക്കിടയിൽ നിഴലിച്ചുനിൽക്കുന്നത്. തെലങ്കാനയിലെയും സീമാന്ധ്രയിലെയും ജനങ്ങൾ തങ്ങളോട് അനീതിയാണ് കാണിക്കുന്നതെന്ന് ഒരുപോലെ വിശ്വസിക്കുന്നു. യു.പി. എ. സർക്കാർ എല്ലാ ഭരണനിപുണതയും കൈവിട്ട സ്ഥിതിയിലാണ്. സീമാന്ധ്രയിലെ ജനങ്ങളുടെ ന്യായമായ ആശങ്കകൾ ദൂരീകരിച്ചുകൊണ്ട് തന്നെ സമന്വയത്തിന്റെ പാത സ്വീകരിച്ച് പാർലമെന്റിനകത്തും പുറത്തും വേദിയൊരുക്കി തെലങ്കാന സംസ്ഥാന രൂപീകരണം സാദ്ധ്യമാക്കാൻ ഇനിയും സമയം വൈകിയിട്ടില്ല.